ഫോറം നമ്പർ 4

(റൂൾ 11(3) കാണുക)

## വിജ്ഞാപനം

സി5-49508/16

തീയതി: 07.02.18

കേരള സർക്കാർ 09.12.2015 ലെ 2753-)0 നമ്പർ കേരള അസാധാരണ ഗസറ്റിൽ പരസ്യപ്പെടുത്തിയ 04.12.2015 ലെ സ.ഉ(സാധാരണ) നമ്പർ 649/2015/റവ വിജ്ഞാപനപ്രകാരം 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ആക്റ്റ് (2013 ലെ കേന്ദ്ര ആക്റ്റ്, 30 ) പ്രകാരമുള്ള കളക്ടറുടെ ചുമതലകൾ നിർവഹിക്കുവാൻ സ്പെഷ്യൽ തഹസിൽദാർ (എൽ.എ) ജനറൽ, എറണാകുളത്തിനെ നിയമിച്ചിരിക്കുന്നതിനാലും,

ഇതോടൊപ്പമുള്ള പട്ടികയിൽ വിവരിച്ചിട്ടുള്ള ഭൂമി ഒരു പൊതു ആവശ്യത്തിന്, അതായത് പെരുമ്പാവൂർ മുനിസിപ്പൽ ടൗൺ ഹാളിലേക്കുള്ള വഴി പെരുമ്പാവൂർ മുനിസിപ്പാലിറ്റിക്കുവേണ്ടി ആവശ്യമുണ്ടോ, ആവശ്യമുണ്ടായേക്കാമെന്നോ, കേരള സർക്കാറിന് ബോധ്യമായതിനാലും,

2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ആക്റ്റ് (കേന്ദ്ര ആക്റ്റ്, 30 2013 ലെ) 4-)0 വകുപ്പ് (1) -)0 ഉപവകുപ്പിലെ വ്യവസ്ഥകൾക്കനുസൃതമായി, ജില്ലാ കളക്ടർ താഴെ പട്ടികയിൽ പറയുന്ന സ്ഥലത്ത് ഒരു സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ നടത്തുന്നതിന് തീരുമാനിച്ചിരിക്കുന്നതിനാൽ,

ഇപ്പോൾ, തൻമൂലം ജില്ലാതല സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റായ രാജഗിരി ഔട്ട്റിച്ച് എറണാകുളത്തിനെ നിയമം അനുശാസിക്കുന്ന രീതിയിലുള്ള സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിനും സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പദ്ധതി തയ്യാറാക്കുന്നതിനും ചുമതലപ്പെടുത്തിയിരിക്കുന്നു. ഈ പ്രക്രിയ രണ്ട് മാസത്തിനകം പൂർത്തിയാക്കേണ്ടതാണ്. ഒരു കാരണവശാലും 6 മാസത്തിൽ കൂടുവാൻ പാടുള്ളതല്ല.

7.2.18

ജില്ലാ കളക്ടർ

പട്ടിക

താലൂക്ക്: കുന്നത്തുനാട്

ജില്ല: എറണാകുളം

വില്ലേജ്: പെരുമ്പാവൂർ

(ഏകദേശം വിസ്തീർണ്ണമാണ് കണക്കാക്കിയിരിക്കുന്നത്.

| ക്രമ നം. | ബ്ലോക്ക് നം. | റീസർവെ നം. സബ് ഡിവിഷൻ നം. | വിവരണം | വിസ്തീർണ്ണം (ഹെക്ടറിൽ) |
|---|---|---|---|---|
| 1 | 69 | 70 | പുരയിടം | 0.0155 |

ജില്ലാ കളക്ടർ